# അക്കാദമിക മാസ്റ്റർ പ്ലാൻ

## അറിവരങ്ങ്

സി.എം.എസ്.എൽ.പി സ്കൂൾ
മല്ലശ്ശേരി
2025-2026

ഉപജില്ല : കോന്നി
വിദ്യാഭ്യാസജില്ല : പത്തനംതിട്ട
ജില്ല : പത്തനംതിട്ട
ഗ്രാമപഞ്ചായത്ത് : പ്രമാടം

## ഉള്ളടക്കം


- ആമുഖം
- നിലവിലെ അവസ്ഥ
- ലഭ്യമായ വിവരങ്ങൾ
- കുട്ടികളുടെ എണ്ണം
- പ്രീപ്രൈമറി
- വിദ്യാലയവികസന കാഴ്ചപ്പാട് രേഖ
- അക്കാദമിക പ്രവർത്തനങ്ങൾ
- മലയാളം
- ഗണിതം
- ഇംഗ്ലീഷ്
- പരിസര പഠനം
- ആരോഗ്യകായിക വിദ്യാഭ്യാസം
- ഉപസംഹാരം

# ആമുഖം

## ചരിത്രം

മല്ലശ്ശേരി സി.എം.എസ്.എൽ.പി സ്കൂൾ പ്രമാടം ഗ്രാമത്തെ ആദ്യ പ്രാഥമിക വിദ്യാലയം ആണ്. 1887 ൽ സി.എം.എസ് മിഷനറിമാരാൽ സ്ഥാപിതമായ ഈ വിദ്യാലയം കോട്ടയം ആസ്ഥാനമായ സി.എം.എസ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലാണ്. റവ: സുമോദ് സി ചെറിയാൻ കോർപ്പറേറ്റ് മാനേജരായും മല്ലശ്ശേരി ഹോളി ട്രിനിറ്റി സി.എസ്.ഐ ഇടവക വികാരി റവ. മാത്യു ജിലോ നൈനാൻ ലോക്കൽ മാനേജരായും സേവനം അനുഷ്ഠിക്കുന്നു. മല്ലശ്ശേരി പ്രദേശത്തെ എല്ലാ പിതാക്കന്മാരും വിദ്യാഭ്യാസം ചെയ്തത് ഈ വിദ്യാലയത്തിലാണ്. വിദേശത്തും സ്വദേശത്തുമടക്കം ഉന്നതനിലയിൽ ധാരാളം പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന്റെ സമ്പത്തായുണ്ട്. പരിമിതികൾക്കു ള്ളിലും പാഠ്യ-പാഠ്യേതര മേഖലകളിൽ മികച്ച നില വാരം പുലർത്തുന്ന ഈ വിദ്യാലയം മല്ലശ്ശേരിയുടെ അഭിമാനമായി പൂങ്കാവിന്റെ ഹൃദയഭാഗത്ത് നില കൊള്ളുന്നു.

# നിലവിലെ അവസ്ഥ

ഒന്നു മുതൽ നാലു വരെയുള്ള ഈ വിദ്യാലയത്തിൽ നാലു അധ്യാപകരും 40 കുട്ടികളുമാണ് ഇപ്പോഴുള്ളത്. കൂടാതെ സ്കൂൾ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ പ്രീ.പ്രൈമറി വിഭാഗവും 2010-2011 വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ ഇപ്പോൾ 15 കുട്ടികൾ പഠിക്കുന്നു. സ്കൂൾ മാനേജ്മെന്റ് നിയമിച്ച ഒരു അധ്യാപികയും ആയയും ഈ വിഭാഗത്തിൽ ജോലി ചെയ്തു വരുന്നു. ഓഫീസ് റൂം ഉൾപ്പെടെ 8 ക്ലാസ് മുറികളാണ് ഇപ്പോഴുള്ളത്. സ്മാർട്ട് ക്ലാസ് റൂം, പാചകപ്പുര, ടോയ്‌ലറ്റുകൾ, യൂറിനലുകൾ എന്നിവയുണ്ട്. സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളാണ് ഈ വിദ്യാലയത്തിൽ കൂടുതലും പഠിക്കുന്നത്. സ്കൂളിന്റെ എല്ലാവിധമായ പ്രവർത്തനങ്ങൾക്കും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും പൂർണ പിന്തുണയും പങ്കാളിത്തവുമുണ്ട്.

# ലഭ്യമായ വിവരങ്ങൾ- പ്രത്യേകതകൾ

വായന സാമഗ്രികൾ, ടോയ്‌ലറ്റുകൾ, കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, പ്രൊജക്ടർ, ഉച്ചഭക്ഷണം, പാചകത്തിനും വിതരണത്തിനും ആവശ്യമായ പാത്രങ്ങൾ, പാചക വാതക സിലിണ്ടർ, ഗ്യാസടുപ്പ്, യൂണിഫോം, വൈദ്യു തി, ഗതാഗത സൗകര്യം, മതിയായ ക്ലാസ് മുറികൾ, സ്മാർട്ട് ക്ലാസ് റൂം എന്നിവ ഈ വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനും പ്രവർത്തനത്തിനും ലഭ്യമാ ണ്. കൂടാതെ കലാകായിക പരിശീലനം, LSS പരിശീ ലനം, ക്വിസ് മത്സരങ്ങളിലെ പങ്കാളിത്തം, ശാസ്ത്ര മേളകളിലെ പങ്കാളിത്തവും ദിനാചരണങ്ങൾ എന്നിവ വിദ്യാലയത്തിന്റെ അക്കാദമിക അക്കാദമികേതര പ്രവർത്തനമികവിന്റെ ഭാഗമാണ്.

**കുട്ടികളുടെ എണ്ണം 2025-2026**

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 2 | 6 | 8 |
| 2 | 1 | 11 | 12 |
| 3 | 3 | 6 | 9 |
| 4 | 8 | 3 | 11 |
| **ആകെ** | **14** | **26** | **40** |

## പ്രീ- പ്രൈമറി

2010-2011 മുതൽ പ്രീപ്രൈമറി ക്ലാസുകൾ ആരംഭിച്ചു. ഇപ്പോൾ 15 കുട്ടിക ളുണ്ട്. ഒരു അധ്യാപികയും ഒരു ആയയും സേവനം ചെയ്യുന്നു.

# അക്കാദമിക പ്രവർത്തനങ്ങൾ

## മലയാളം

ിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കു . ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈലക്ഷ്യം നേടുന്നതിനായി ിന്നോക്കം നിൽക്കുന്നവരെക്കൂടി മുഖ്യധാരയിലെത്തിച്ച് വായനയും ഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ച ാക്കി മാറ്റുവാനുള്ള നവീനസംരംഭം

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- സ്കൂൾ ലൈബ്രറി
- കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് വളർത്തുക
- വായനയിലൂടെ കുട്ടിയുടെ പഠനനിലവാരം മെച്ചപ്പെടുത്തുക
- വായനയുടെ വിവിധഘട്ടങ്ങൾ പരിചയപ്പെടൽ
- വായനസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- ഇൻലന്റ്മാസിക, കയ്യെഴുത്തുമാസിക, എന്നിവയിലൂടെ എഴുത്ത്, വായന പരിപോഷിപ്പിക്കുക.
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി, ഐ.സി.റ്റി. സാധ്യത എന്നിവ സജ്ജീകരിക്കൽ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കളരി) | 1. ക്ലാസ് ലൈബ്രറി<br>2. പത്രവായന<br>3. വായനമൂല<br>4. സ്കൂൾലൈബ്രറി നവീകരിക്കൽ<br>5. സമീപ ഗ്രന്ഥശാല സന്ദർശനം<br>6. അമ്മവായന<br>7. വായനാനുഭവം പങ്കുവെയ്ക്കൽ<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വായനാസാമഗ്രികൾ തയാറാക്കൽ<br>10. ബാലസഭ<br>11. ദിനാചരണങ്ങൾ<br>12. വായനോത്സവം സംഘടിപ്പിക്കൽ<br>13. വായനാക്കൂട്ടം | 6 മാസം | I- IV | ക്ലാസ്സ് ടീച്ചർമാർ<br><br>രക്ഷകർത്താക്കൾ |
| 2 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. അക്ഷരകാർഡ്<br>2. വാക്യകാർഡ്<br>3. വായനകുറിപ്പ്<br>4. ആസ്വാദനകുറിപ്പ്<br>5. വ്യക്തിഗതരചന<br>6. സംഘരചന<br>7. ഇൻലന്റ് മാഗസിൻ<br>8. ചുമർപത്രിക<br>9. ദിനാചരണങ്ങൾ<br>10. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>10 സഞ്ചരിക്കുന്ന നോട്ടുപുസ്തകം<br>11 പോസ്റ്റർ<br>12 നോട്ടീസ് | 6 മാസം<br><br>1 വർഷം | I- IV | ക്ലാസ്സ് ടീച്ചർമാർ<br><br>രക്ഷകർത്താക്കൾ<br><br>BRC |
| | | | | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | പിന്തുണ |
|---|---|---|---|---|---|
| 3 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തനിമ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്യകാർഡ് നൽകൽ<br>6. ചിത്രത്തിലൂടെ വാക്യങ്ങൾ നിർമിക്കുക<br>7. കഥയിലൂടെചിത്രംവരയ്ക്കുക<br>8. ചിത്രത്തിലൂടെ കഥ പറയുക<br>9. തലക്കെട്ടുകൾനിർമിക്കുക<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക്പ്രത്യേക ക്ലാസ്<br>11. കഥ പൂർത്തിയാക്കൽ | 3 മാസം<br><br>6 മാസം<br><br>1 വർഷം | I- IV | ക്ലാസ്സ് ടീച്ചർമാർ<br><br>SSG |
| 4 | വായനയിൽ താല്പര്യം വളർത്തുക പത്രക്വിസ്<br><br>സഞ്ചരിക്കുന്ന നോട്ടുപുസ്തകം | പത്രവാർത്തകളെ അടിസ്ഥാനമാക്കി പരസ്യപ്പെടുത്തുന്ന ചോദ്യങ്ങൾ അധാരമാക്കി ഓരോ മാസത്തിന്റെയും അവസാനം ക്വിസുകൾ നടത്തുന്നു.<br><br>പൊതുവായഒരുനോട്ടുബുക്ക്ഒരോദിവസവും ഓരോ കുട്ടിക്ക് കൊടുത്തുവിടുന്നു കുട്ടികൾ അവർക്കിഷ്ടപ്പെട്ടരചനകൾഒരുപേജിൽഎഴുതുന്നു.അടുത്തദിവസം അടുത്തകുട്ടിക്ക് ബുക്ക് കൈമാറുന്നു. | ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച് | III- IV<br><br>II,III, IV | ക്ലാസ്സ് ടീച്ചർമാർ<br><br>രക്ഷകർത്താക്കൾ |

ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | പിന്തുണ |
|---|---|---|---|---|---|
| 1 | ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഗണിക്കൽ (ഗണിതം മധുരം) | 1. അടിസ്ഥാനആശയങ്ങൾ പട്ടികപ്പെടുത്തുക<br>2. ചോദ്യാവലി ഉണ്ടാക്കുന്നു.<br>3. പ്രീടെസ്റ്റ് നടത്തുന്നു.<br>4. മൂല്യനിർണയം<br>5. റിസൽട്ട് രേഖപ്പെടുത്തുന്നു.<br>6. റിപ്പോർട്ട് തയാറാക്കുന്നു<br>7. SRG യിൽ അവതരിപ്പിക്കുന്നു | ജൂൺ | I- IV | ക്ലാസ്സ് ടീച്ചർമാർ<br>സംഖ്യാ കാർഡുകൾ<br>സ്ഥാന വില പോക്കറ്റ്<br>അബാക്കസ് |
| 2. | സംഖ്യാ ബോധം നേടൽ (സംഖ്യാകേളി) | 1 സംഖ്യകൾ വായിക്കൽ<br>2 സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതിക്കൽ<br>3 സംഖ്യാവ്യാഖ്യാനം<br>4 സ്ഥാനവിലയനുസരിച്ച് കൂട്ടങ്ങളാക്കൽ<br>5 സംഖ്യകൾ പിരിച്ചെഴുതൽ<br>6 സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ<br>7 പാറ്റേൺ രൂപീകരിക്കൽ | | | ICT സാധ്യത |

| കമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | പിന്തുണ |
|---|---|---|---|---|---|
| | ഗണിതാ സ്വാദനം വർദ്ധിപ്പിക്കുക (കളിക്കാം രസിക്കാം) | 1. കുട്ടികൾക്ക് ഗണിത പഠനം ഭാരമാകാതെ പ്രവർത്തനങ്ങൾ കളിരീതിയിൽഅതതു ക്ലാസ്സിലെ പഠനനേട്ടങ്ങളുമായി തട്ടിച്ചും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തും നടപ്പാക്കുന്നു.<br>2. ഗണിതക്വിസ്<br>3. ഗണിതശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ<br>4. കുസൃതികണക്കുകൾ<br>5. പസിലുകൾ<br>6. ICT സാധ്യതകൾ<br>7. ഹോണസ്റ്റി ഷോപ്പ്<br>8. ഗണിതലാബ്<br>9. ഗണിതമാഗസിൻ | 6 മാസം | I- IV | ക്ലാസ്സ് ടീച്ചർമാർ |
| | ഗണിതക്ലബ് രൂപികരണം | എല്ലാ ക്ലാസുകളിലെയും കുട്ടികളെ ഉൾ പ്പെടുത്തി ക്ലബ് രൂപികരിക്കുന്നു<br>1. ഗണിത മാഗസിൻ<br>1. പാറ്റേൺ<br>2. ഗണിതക്വിസ്<br>3. മനഃക്കണക്ക്<br>4. ഗണിത ക്ലാസ്സുകൾ | 6 മാസം | | |

## English

This language is standing in the higher level of education. Wherever we can see the effects of language. In education level English must be needed, because it provides so many opportunities. English learning is very important for all students. So we wish to the students learn the language English through the way of unknowing its possible to speaking the language Malayalam on the same way. The students attain the accurate knowledge of English. They can acquire the knowledge of English, and they improve and valuate themselves. On the basis of speaking, reading, writing, listening and understanding through the language. We should try to makes the fulfillment of the students in English language and also developing the personality of the student through the language learning. That is our mission.

## Objectives

- Find the students those who have in a special talent in English and we should help to them to get the completeness of the language.
- Curricular objectives of English to get the all students through learning outcomes.
- Helps the students poor in English for attain the basic ideas, concepts of English
- To develop the legibility and flexibility of English language for listening, speaking reading, writing and understanding.
- To develop the good reading habit in English
- To develop the writing of diary literacy works.
- Arrange English Programmes for all classes in each day.

| Sl. No. | Programme | Activity | Duration | Class | |
|---|---|---|---|---|---|
| 1 | Communicative English (Walk with English) | • Letter card<br>• Word card<br>• Picture Reading<br>• Sentence making<br>• I C T Facility<br>• Story completion<br>• Story making<br>• Chart Reading<br>• News Paper Reading<br>• Story books | 6 Months | I-IV | Class teacher |
| 2. | English Magazines | • Story Making<br>• Picture Drawing<br>• Conversations<br>• English Diary<br>• Thoughts | June- March (Month Yearly) | | |
| 3. | English ~~Tub~~ Club | • Speaking Activities<br>• Reading Activity<br>• Writing Activity<br>• Balasabha<br>• Public Programmes<br>• Conducting Quiz Programs | June- March | | BRC<br>DIET |
| 4. | We are different (Easy English) | • English Assembly<br>• English Fest<br>• English Day<br>• Day Celebrations<br>• English Magazine<br>• Album<br>• Spoken English | June - March | | |

## Process

We wish to create a differents in the learning of English to develop a new generation in the modern society. So we planed some activities, such as communicative English (walk with English) English magazine, English club, we are different. We are doing some activities like story making, ICT Chances, arranging classes of good facilities in English. Our one of the different programme 'We are different' it may be concentrate the creativities of students in English It will develop through the activities. We assured that these all activities should be develop the child in the English language.

## പരിസരപഠനം

കുട്ടികളെ പ്രകൃതിയോട് ഇണങ്ങിജീവിക്കുവാനും സഹവർത്തിത്വം പുലർത്താനും പ്രകൃതി സ്രോതസ്സുകളെ സംരക്ഷിക്കുവാനും നല്ല ഒരു പ്രകൃതി സ്നേഹിയായി തീരുവാനും മികച്ച കണ്ടുപിടുത്തങ്ങൾക്കായി നല്ല ഒരു ശാസ്ത്രജ്ഞനായി കുട്ടിയെ ആക്കിത്തീർക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു.-

**ലക്ഷ്യങ്ങൾ**

- പരിസരപഠനവുമായി ബന്ധപ്പെട്ട് വിദ്യാലയത്തെ ഒരു മികച്ചപഠനപുസ്തകമാക്കി മാറ്റുന്നു.
- കുട്ടികളെ മികച്ച പരിസ്ഥിതി സംരക്ഷരാക്കുന്നു
- കൃഷിയോടുള്ള മനോഭാവം വളർത്തുന്നു.
- ശാസ്ത്ര ക്വിസ്
- ശാസ്ത്രമേള പ്രദർശനം
- ഫീൽഡ് ട്രിപ്പ്
- ശാസ്ത്ര മാസിക
- ആൽബം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിന്തുണ |
|---|---|---|---|---|---|
| 1. | ശാസ്ത്രപഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക. (റെയിൻബോ) | • പരീക്ഷണം<br>• ആൽബം<br>• ശാസ്ത്ര മാസിക<br>• ഫീൽഡ് ട്രിപ്പ് | ജൂൺ-മാർച്ച് | I-IV | ക്ലാസ് ടീച്ചർമാർ |
| 2. | (പാഴ്വസ്തുക്കളുടെ പുതുജീവൻ | • പഠനോപകരണങ്ങൾ<br>• ICTസാധ്യത<br>• സെമിനാറുകൾ | | I-IV | |
| 3. | കൃഷിയോടുള്ള മനോഭാവം വളർത്തുക (കർഷകൻ) | • ഹോം ഗാർഡൻ<br>• എന്റെ മരം | | | |
| 4. | മികച്ച ശാസ്ത്രജ്ഞൻമാർ (ലിറ്റിൽ സയന്റിസ്റ്റ്) | ശാസ്ത്രലാബ്<br>ശാസ്ത്രകിറ്റ്<br>ശാസ്ത്ര മാഗസിൻ<br>ശാസ്ത്ര മേള<br>ലഘു പരീക്ഷണം<br>നിരീക്ഷണം<br>ICT<br>പ്രദർശനങ്ങൾ | ജൂൺ-മാർച്ച് | I-IV | രക്ഷകർത്താക്കൾ |

## പ്രവർത്തന വിശകലനം

കുട്ടിയെ പ്രകൃതിയോട് ഇണങ്ങിചേർന്ന് വളരുവാനും പ്രകൃതിയെ സ്നേഹിക്കുവാനും കുട്ടിയെ പ്രാപ്തനാക്കുക. ഒപ്പം താൻ വസിക്കുന്ന ചുറ്റുപാടിനോട് നീതിപുലർത്താനും പ്രകൃതിയെ ദ്രോഹിക്കാതെ അതിനെ സ്നേഹിച്ച അതിന്റെ പരിപൂർണ്ണത നിലനിർത്താനും ചുറ്റുപാടിനെ നിരീക്ഷിച്ച് പുതിയ ആശയങ്ങളെ സൃഷ്ടിച്ച് കണ്ടുപിടിത്തങ്ങളിലൂടെ സന്തുലിതാവസ്ഥ നിലനിർത്തുവാനും ശ്രമിക്കുന്നു. അതിനായി കുട്ടിയെ ഞങ്ങൾ മികച്ച പരിസ്ഥിതി സംരക്ഷനാക്കുന്നു. കൃഷിയോടുള്ള മനോഭാവം വളർത്തുക (കർഷകൻ) പാഴ് വസ്തുക്കളുടെ പുതുജീവൻ മികച്ച ശാസ്ത്രജ്ഞൻ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടിയെ മികച്ച പരിസ്ഥിതി സൗഹൃദത്തിനുടമയായി വളർത്തുക എന്നുള്ളതാണ്.

## ആരോഗ്യ കലാ-കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിന്തുണ |
|---|---|---|---|---|---|
| | എല്ലാ കുട്ടികളെയും ശുചിത്വമുള്ളവരാക്കുക. | ബോധവത്കരണ ക്ലാസ് ഭവന സന്ദർശനം | ജൂൺ - മാർച്ച് | I-IV | |
| | ആരോഗ്യമുള്ള തലമുറ | മെഡിക്കൽ ചെക്കപ്പ് ബോധവൽക്കരണം | | I-IV | |
| | കായിക ശേഷി വർദ്ധിപ്പിക്കുക കലാവാസനകൾ പരിപോഷിപ്പിക്കുക | വ്യായാമം കായിക പരിശീലനം വിദ്യാരംഗം കലാ-സാഹിത്യവേദി | | I-IV | |
| | പ്രവൃത്തിപരിചയം ഉറപ്പാക്കുക | പ്രവൃത്തിപരിചയക്ലാസ്സുകൾ<br>പ്രദർശനം | | | |

## പ്രവർത്തനവിശകലനം

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ രക്ഷകർത്താക്കൾക്കും കുട്ടി
കൾക്കും ബോധവത്കരണ ക്ലാസുകൾ നടത്തുന്നു. മെഡിക്കൽ ചെക്കപ്പു
കൾ നടത്തുന്നു. ചികിത്സ ആവശ്യമുള്ളവർക്ക് മാർഗനിർദ്ദേശങ്ങൾ
നൽകുന്നു. എല്ലാ കുട്ടികൾക്കും വ്യക്തിശുചിത്വം, പരിസര ശുചിത്വം,
ശുചിത്വ ശീലങ്ങൾ എന്നിവ എന്താണെന്ന് മനസ്സിലാക്കുന്നു. കുട്ടികളുടെ
ഭവനങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. ആഴ്ചയിലൊരി
ക്കൽ അരമണിക്കൂർ വ്യായാമപരിശീലനം നൽകുന്നു. പാഠഭാഗത്തിലു
ള്ളതും അല്ലാത്തതുമായ കൗതുക വസ്തുക്കൾ, പൂപ്പാത്രങ്ങൾ, കളിപ്പാട്ട
ങ്ങൾ എന്നിവ നിർമ്മിക്കുന്നു. പേപ്പർ, കാർഡ്ബോർഡ് തുടങ്ങിയവകൊ
ണ്ടുള്ള വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. ഇവയുടെ പ്രദർശനം നട
ത്തുന്നു.

## ഉപസംഹാരം

നവകേരള മിഷന്റെ ഭാഗമായ "പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം"
എന്ന പദ്ധതി കേരള ഗവൺമെന്റ് നടപ്പിലാക്കിയതോടുകൂടി പൊതു വിദ്യാ
ലയങ്ങൾ ഇന്ന് ഉയർച്ചയുടെ പാതയിൽ മുന്നേറുന്നുവെന്നത് അഭിമാനകര
മാണ്. ഈ പദ്ധതിയുടെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി.
സ്കൂൾ പി.ടി.എ.യുടെയും എസ്.എസ്.ജി.യുടെയും സമൂഹത്തിന്റെയും
സഹകരണത്തോടെ നടത്തുന്ന ഈ പദ്ധതി വിജയകരമായി പൂർത്തികരി
ക്കാൻ നമുക്കു സാധിക്കട്ടെ. അതിനായി നമുക്ക് യത്ജിക്കാം.